**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർക്കാർ ഉത്തരവ് പ്രകാരം വിദ്യാർത്ഥിനികൾക്ക് അനുവദിച്ചിട്ടുള്ള ആർത്തവ അവധി "വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ്" എന്ന് പുനഃ നാമകരണം ചെയ്യുന്നത് - ഹാജർ നിലയ്ക്ക് ആനുപാതികമായി വിദ്യാർത്ഥിനികൾക്ക് ഇന്റേണൽ മാർക്ക് അനുവദിക്കുന്നത് - മുൻ ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 11657/AC A 1/2023/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 20.11.2023

---

*പരാമർശം:*-1.സ.ഉ(കൈ) നം.33/ACA1/2023/എം.ജി.യു തീയതി, 19.01.2023

2.സർവ്വകലാശാല ഉത്തരവ് നമ്പർ. 6524/ACA1/2023/എം.ജി.യു തീയതി, 12.06.2023

3.സർവ്വകലാശാല ഉത്തരവ് നമ്പർ. 10426/ACA1/2023/ എം.ജി.യു തീയതി, 06.10.2023

4.സർവ്വകലാശാല ഉത്തരവ് നമ്പർ. 11381/ACA1/2023/എം.ജി യു തീയതി, 13.11.2023

**<u>ഉത്തരവ്</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർഥിനികൾക്ക് ആർത്തവാവധി അനുവദിച്ചുകൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമാക്കി നിശ്ചയിച്ചുകൊണ്ടും സർക്കാർ , പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പരാമർശം (2) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിരുന്നു.

തുടർന്ന് ആർത്തവാവധി ഉൾപ്പെടെ ഹാജർ നിലയിൽ നൽകിയ 2% ഇളവ്, ഇന്റേണൽ മാർക്കിന് പരിഗണിക്കുന്ന സ്ലാബുകളിലും 2% വീതം അനുവദിച്ചുകൊണ്ടും ആർത്തവാവധിയെ 'വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ്' എന്ന് പുനഃ നാമകരണം ചെയ്തുകൊണ്ടും പരമാർശം (3) , (4) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരമാർശം (3) , (4) ഉത്തരവുകളിൽ പ്രതിപാദിക്കുന്നതും വിദ്യാർഥിനികൾക്ക് ഇന്റേണൽ മാർക്ക് അനുവദിക്കേണ്ടതുമായ ഹാജർ നിലയുടെ സ്ലാബുകൾ താഴെ പറയും വിധം പരിഷ്കരിക്കുന്നതിന് വൈസ് ചാൻസലർ , മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം ഉത്തരവായിരിക്കുന്നു.

Draft #10 of File 51767/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 20-Nov-2023 04:24 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| % of Attendance | Marks |
|---|---|
| 73 | 1 |
| 74-77 | 2 |
| 78-82 | 3 |
| 83-87 | 4 |
| 88 and above | 5 |

തദനുസരണം പരാമർശം (3) , (4) ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / ഐ.ക്യു.എ .സി /ഐ.റ്റി.സെൽ 1/2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6 .എസിസി I /എസിസി II / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 51767/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 20-Nov-2023 04:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം